പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.233 18.06.2014 ലെ മറുപടിയ്ക്ക്

ജലവിമാന സർവ്വീസ് പദ്ധതി

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു | | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ജലവിമാന സർവ്വീസ് ആരംഭിച്ചതെന്നാണ്; ഈ പദ്ധതി ആരംഭിച്ചതിന് ശേഷം ഇതുവരെയായി ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ജലവിമാന സർവ്വീസ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 02.06.2013 ൽ കേരള മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്തു. കൊല്ലം, ആലപ്പുഴ മുതലായ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും വിവിധ വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി ജലവിമാനങ്ങളുടെ കൊമേഴ്സ്യൽ സർവ്വീസ് 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഈ സർവ്വീസുകൾ നടത്തുന്നതിന് ഇപ്പോൾ എത്ര വിമാനങ്ങൾ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | പദ്ധതിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. സ്വകാര്യ ഓപ്പറേറ്റർമാർ മുഖേന ഓപ്പൺ സ്കൈ പോളിസിയുടെ അടിസ്ഥാനത്തിലാണ് ജലവിമാന സർവ്വീസ് വിഭാവനം ചെയ്തിരിക്കുന്നത്. ജലവിമാനങ്ങൾ ഒന്നും തന്നെ സർക്കാർ ഉടമസ്ഥതയിൽ ഇല്ല. |
| സി) | ജലവിമാന സർവ്വീസുകൾ നടത്തുന്നതിനെതിരെ എവിടെയെങ്കിലും പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) | പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് മത്സ്യത്തൊഴിലാളികൾ കൊല്ലത്തും ആലപ്പുഴയിലും പ്രതിഷേധം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ